


little KITEs

# Little Kites

BYKVHSS VALAVANNUR

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

ശ്രീ. മുഹമ്മദലി. കെ

(ഹെഡ്മാസ്റ്റർ)

## സ്റ്റാഫ് എഡിറ്റർ

ശ്രീ. രമണൻ .കെ

## സ്റ്റുഡന്റ് എഡിറ്റർ

ഫാത്തിമ റഷ

## മറ്റ് അംഗങ്ങൾ

സഹ്റ റുമൈസ.എം

(സ്കൂൾ ലീഡർ)

നിഹാല മോൾ

(ഡെ.സ്കൂൾ ലീഡർ)

ശ്രീ.മുഹമ്മദുപ്പ

(ഡെ.ഹെഡ്മാസ്റ്റർ)

ശ്രീ.ശശി.കെ

(എസ്.ആർ.ജി കൺവീനർ)

ശ്രീ.അമീറലി.കെ

(സ്റ്റാഫ് സെക്രട്ടറി)

ശ്രീമതി.ഷാഹിന. പി.ടി

(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

ശ്രീ.അബൂബക്കർ.കെ

(ഐ.ടി കോഡിനേറ്റർ)



കവർ പേജ് ഡിസൈൻ
ഹിബ മറിയം. പി - 8C





## സന്ദേശം

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം.. സാധാരണ സ്കൂൾ ക്ലബ്ബുകളിൽ നിന്നും വിഭിന്നമായി ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം പ്രശംസ അർഹിക്കുന്നു.

പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു...

ഹെഡ്മാസ്റ്റർ

മുഹമ്മദലി.കെ

## സന്ദേശം

ഒരു സ്കൂൾ മാഗസിൻ സക്കൂളിന്റെ പഠനപ്രവർത്തനത്തിന്റെ അളവുകോലാണ്,ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രവർത്തനത്തിന്റെ ഭാഗമാണ് ഈ മാഗസിൻ എന്നിരുന്നാലും പ്രവർത്തനം ശ്ലാഘനീയമാണ്.

എസ്.ആർ.ജി കൺവീനർ

ശശി.കെ

## താളുകളിലൂടെ......


| | |
|---|---|
| 1 | സ്റ്റുഡന്റ് എഡിറ്റർക്ക് പറയാനുള്ളത്.... |
| 2 | സ്റ്റാഫ് എഡിറ്റർക്ക് പറയാനുള്ളത് ... |
| 3 | വൈക്കം മുഹമ്മദ് ബഷീർ (ലേഖനം ) |
| 4 | ആർദ്രമീയോർമ (കവിത) |
| 5 | സെൽഫി (ചെറുകഥ) |
| 6 | ബുക്ക്സ് ( ലേഖനം - ഇംഗ്ലീഷ്) |
| 7 | സൃഷ്ടി (കവിത) |
| 8 | രക്തസാക്ഷി ( ഗദ്യ കവിത) |
| 9 | ഞാനറിയാതെ പോയത്  (കവിത) |
| 10 | പരിസ്ഥിതി ദിനം (ലേഖനം) |
| 11 | കവിത (അറബിക്) |
| 12 | സ്നേഹം |
| 13 | ലേഖനം (ഉറുദു) |
| 14 | വാഗൺ ട്രാജഡി (പഠനം) |
| 15 | സൗഹാർദ്ദം (കഥ) |
| 16 | സ്വർഗ്ഗത്തിനാരാമത്തേത് |
| 17 | ഡെത്ത് (കവിത - ഇംഗ്ലീഷ്) |
| 18 | ഗാന്ധി (ക്വിസ്സ്) |
| 19 | നിൻമിഴികളിൽ |
| 20 | ഒരു വിളക്കിന്റെ നൊമ്പരം |
| 21 | വഴി തെറ്റുന്ന കൗമാരം (ലേഖനം) |
| 22 | പിരിയാനാകാത്ത സൗഹൃദം |
| 23 | ആ പ്രകാശം പൊലിഞ്ഞു |
| 24 | കാൻഡിൽ (കവിത-ഇംഗ്ലീഷ്) |
| 25 | പൊൻവിളക്ക് |
| 26 | പ്ലാസ്റ്റിക് എന്ന വില്ലൻ |
| 27 | വരകൾ |
| 28 | ന്റെ ബി.വൈ.കെ.. |
| 29 | ഹോപ്‌ലെസ്സ് (കവിത -ഇംഗ്ലീഷ്) |

# ഫാത്തിമ റഷ -9A
# സ്റ്റുഡന്റ് എഡിറ്റർ



ലിറ്റിൽ കൈറ്റ്സ് പ്രഥമ മാഗസിന്റെ സ്റ്റുഡന്റ്
എഡിറ്റർ ആവാൻ കഴിഞ്ഞതിൽ ആദ്യമേ
നന്ദി അറിയിക്കട്ടെ ... ഇത്തരമൊരു
സംരംഭത്തിനു പിറകിലുള്ളപ്രയാസങ്ങൾ ഒന്നും
ആലോചിക്കാതെ ഏറ്റെടുത്ത ദൗത്യം ...
അതിന്റെ പോരായ്മകൾ ഓരോ
പേജിലും ഉണ്ടെന്നറിയാം ......
രചനകൾ തേടി മറ്റു കൈറ്റ്സിനൊപ്പം
വരാന്തയിലൂടെയുള്ള അലച്ചിൽ... "പത്താം
ക്ലാസ്സിലാ മാഗസിൻ ... നിങ്ങൾക്ക്
ക്ലാസൊന്നും ഇല്ല്യ .... ഒമ്പതാം സ്സുകാർക്കെന്താ
ഫ്രീടൈമിൽ എട്ടാം ക്ലാസ്സ്   ബ്ലോക്കിൽ."
ഇങ്ങനെ പോവുന്നു ..... ക്ലാസ്സിൽ
നിന്നുള്ള കണ്ണുരുട്ടലുകൾ.... ഇനി കിട്ടിയാലോ
"ടെക്സ്റ്റ് ബുക്ക് പകർത്തിയതല്ലേ.. ഇത്
നെറ്റീന്ന് കോപ്പിയാ..." പകച്ചു പോയി...
പരിമിതികളും പരാധീനകളും നിരത്തുന്നില്ല...

അക്ഷരോപാസനയിൽ
പ്രേരണയും,ശാസനയും,സ്നേഹവുമായി
കൂടെ നിന്ന ഞങ്ങളുടെ പ്രിയപ്പെട്ട
ഗുരുക്കന്മാരുടെ പാദങ്ങളിൽ സമർപ്പിക്കുന്നു......

അനുഗ്രഹിച്ചാലും..

ഹൃദയപൂർവ്വം


സ്റ്റാഫ് എഡിറ്റർ

കട്ടി പുസ്തകം തിരയുമ്പോൾ
പതുക്കെ വിടരാൻ തുടങ്ങും,
പൂവിതൾപോലെയലമാരയിൽ
ചന്തമുള്ള ചില പുറം ചട്ടകൾ.
പേരു നോക്കിചന്തം നോക്കി
മണത്തൊന്നുമ്മ വെച്ച്,
കട്ടി പുസ്തകം തുറക്കുമ്പോൾ
പതുക്കെച്ചിരിക്കാൻ തുടങ്ങും
ചന്തമേറും ചില ചിത്രക്കൂട്ടുകൾ
ചില്ലക്ഷരങ്ങൾ....
വാക്കുകൾ ...പേരുകൾ.....
കട്ടി പുസ്തകം വായിക്കുമ്പോൾ
പൂമ്പാറ്റകൾ  പൂമരത്തിലേക്കെന്ന പോലെ
ഓരോരോ ലോകങ്ങൾ
പിറന്നും പറന്നും
കുട്ടി പുസ്തകത്തിലങ്ങനെ...

രമണൻ.കെ
(മലയാളം അദ്ധ്യാപകൻ)

# വൈക്കം മുഹമ്മദ് ബഷീർ

മലയാളം എന്ന നാലക്ഷരത്തെ വർണ്ണത്തിളപ്പിൽ വിസ്മയിപ്പിച്ച ജനകീയനാണ് വൈക്കം മുഹമ്മദ് ബഷീർ. ഇദ്ദേഹം ബേപ്പൂർ സുൽത്താൻ എന്നും അറിയപ്പെടുന്നു. മാത്രമല്ല മലയാളത്തിലെ പ്രശസ്തനായ എഴുത്തുകാരൻ കൂടിയാണ് ബഷീർ. 1982 ൽ ഇന്ത്യൻഗവൺമെന്റ് ബഷീറിനെ പത്മശ്രീ പുരസ്കാരം നല്കി ആദരിച്ചിട്ടുണ്ട്.

പാത്തുമ്മയുടെ ആട്, ശബ്ദങ്ങൾ, ബാല്യകാലസഖി, മതിലുകൾ, പ്രേമലേഖനം തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്തകൃതികളാണ്. ഇതു കൂടാതെ വേറേയും ധാരാളം നോവലുകൾ ബഷീർ രചിച്ചിട്ടുണ്ട്.ഇദ്ദേഹത്തിൻെറ നോവലുകളെല്ലാം ഒന്നിനൊന്ന്മെച്ചമാണ്. ഓരോ മലയാളിയുടേയും മനസ്സിൽ അദ്ദേഹം സ്ഥാനം നേടിയത് അദ്ദേഹത്തിന്റെനാടൻ ഭാഷയിലുള്ള കൃതികളിലൂടെയാണ്.

Ayishath Hamda P.T
8A



# ആർദ്രമീയോർമ....

ആർദ്രമീമധുനിലാവൊഴുകും രാത്രി
നീ ഓർത്തുവോ ഈ നിർമ്മല വെള്ള-
പ്പട്ടിലകളെ ,ചേതോഹരമാമെന്നെ,
നിൻ രോമഹർഷമാം ഹൃദയത്തിനുള്ളിൽ
നാളുകൾക്കപ്പുറം മുമ്പെ മന്നിലെന്നെയാ-
ദ്യമായി കണ്ട രാവ് തൊട്ടു തന്നെ
ഏതാണ്ടൊരോർമ്മ വരുന്നുവോ ?
ഓർത്താലുമോർക്കാതിരുന്നാലും .ആർദ്ര-
മണിഞ്ഞയാ പുളകത്തിലാണ്ടു നിൽപ്പൂ..
നിൻ ഒളികണ്ണു കൊണ്ടെന്നെ നോക്കി-
യതെല്ലാം ഓർക്കുന്നു നിന്നെ ഞാനെൻ
ജീവനിലേറെയായി ഇന്നോളമെന്നും
ഒരു പകൽ കൂടി മിഴി തുറക്കുന്നു
പുതുദിനമതിൽ തെളിഞ്ഞുണരുന്നു
ഒഴുകിയെത്തുന്നുണ്ടൊരു സ്വപ്നത്തിന്റെ
പഴയൊരീണമെൻ പടി കടത്തിയപ്പോൾ
വൈകാതെ എത്തും ഞാൻ നിൻ ഓർമ്മ-
യിലെങ്ങും ഹരിമുരളിയിൽ എൻ
പ്രിയനേ....!!!!

ഹംന.സി 9 സി

# സെൽഫി

(ചെറുകഥ)

സ്ക്രൂൾ വിട്ടു. വേഗം വീട്ടിൽ എത്തണം.മൊബൈലിൽ ചാറ്റിങ്ങിലിരുന്ന് സമയം പോയതറിഞ്ഞില്ല.വീട്ടിലേക്ക് വേഗം എത്താനുള്ള ആവേശത്തിൽ ബസ് നിർത്തുന്നതിന് മുമ്പ് ചാടിയിറങ്ങി.മുന്നിലുള്ള റോഡിന്റെ മറുവശത്തെത്താൻ വേണ്ടി ഒരൊറ്റപ്പാച്ചിൽ. എതിരെ വരുന്ന വാഹനങ്ങളോ മറുകരയെത്താൻ സഹായിക്കുന്ന സീബ്രാ ലൈനോ നോക്കിയില്ല. പകരം ശ്രദ്ധ കൊടുത്തത് ചാറ്റിങ്ങിന്റെ റിപ്ലൈ മാത്രം. ഫ്രണ്ടിന്റെ റിപ്ലൈ നോക്കുന്ന സമയത്ത് പെട്ടെന്ന് അതാ ലോറിയുടെ ബ്രേക്കിൽ നിൽക്കാതെ,അത് എന്നെ വലിച്ചിഴച്ച് കൊണ്ട് പോകുന്നു. രക്തം വാർന്ന് കിടക്കുമ്പോൾ കണ്ണ് എന്റെ ഫോണിനെ തിരയുകയായിരുന്നു.ആളുകൾക്ക് ഞാനൊരു പ്രദർശന വസ്തുവായി മാറി.ആളുകൾ കൂട്ടം കൂടി എന്തൊരു തിക്കും തിരക്കും. അവർക്കെല്ലാം എന്റെ കൂടെ സെൽഫി എടുക്കണം.പലരും പല പൊസിഷനിലും സെൽഫി എടുത്തു.ഞാൻ പുഞ്ചിരിക്കാൻ ശ്രമിച്ചു. പക്ഷേ എനിക്ക് പരിഭവം! എന്റെ കണ്ണുകൾ അടഞ്ഞിരുന്നോ എന്ന്.....

അനീഷ.സി
10 L

# B
# O
# O
# K
# S



Nowadays,people are against the books.Why the people against the books? No one think about this question.Nowadays all the people are using mobile phone,laptop,tabs,computer,television etc.I think thats why people are against the books.

The usage of books gives us many thinks like valuable informations and also reading books will improve our knowledge. The story book are having world full of fantasties. They have queeens,witches and monsteres.They have the stories about the treasure Islands,sailing ships,Dolphins and Whales. They open up children world full of imagination with charecters like Squits,King and Pigling band. They take us around the world and beyond to show things that exist only in ones imaginations.

In our life were westing lots of time.We should spend atleast two hours for reading books.Nowadays there are many books published in different languages."So read books and improve your knowledge"

Shada 9th C



# സൃഷ്ടി

ഇഷ്ടമാണെനിക്കു കാണാൻ
അസ്തമയത്തിലെ ആകാശം
ഇഷ്ടമാണെനിക്കു കേൾക്കാൻ
പുലർ കാലത്തെ കിളിനാദം

ഇഷ്ടമാണെനിക്കു നിൽക്കാൻ
കടൽ തീരത്തെ വാൽത്തിരമാലയിൽ
ഇഷ്ടമാണെനിക്കു കാൺമാൻ
പൂത്തു തളിർത്ത കണിക്കൊന്നയെ

ഇഷ്ടമാണെനിക്കു നടക്കാൻ
നറുനിലാ വെട്ടത്തിൽ
ഇഷ്ടമാണെനിക്കിരിക്കാൻ
നെൽപാടവരമ്പിൽ
ഇഷ്ടമാണെനിക്കു ശ്വസിക്കാൻ
പിച്ചിപ്പൂവിൻ സുഗന്ധം

ഇഷ്ടമാണെനിക്കു കാണാൻ
മഞ്ഞുമൂടിയ മലകൾ
ഇഷ്ടമാണെനിക്കീശ്വരൻ
ഈശ്വര സൃഷ്ടികളൊക്കെയും
എത്രയോ ഭാഗ്യമീ ഭൂമിയിൽ
ജീവിക്കാൻ കഴിഞ്ഞതിൽ



# രക്തസാക്ഷി

പാകിസ്ഥാനിന്റെ മണ്ണിൽ വിരിഞ്ഞു
പാക് പെണ്ണിന്റെ കരുത്ത് തെളിയിച്ച
ബേനസീർ ബൂട്ടോ..
അതേ പാതയിൽ രാഷ്ട്രീയത്തിലിറങ്ങിയ ഹിന നബ്ബാനി..



ഇപ്പോഴിതാ പുതിയൊരു വസന്തം
മലാല യൂസഫ് സായ്
അറിവിന്റെ ലോകം എന്ന അവളുടെ സ്വപ്നം
മായ്ക്കാൻ വന്നവർക്കെതിരെ
ബ്ലോഗിൽ അവൾ കുറിച്ചത്
അവർക്ക്, താലിബാന് നന്നായി കൊണ്ടു,
പക്ഷെ..
ഭീകരരുടെ വെടിയുണ്ട അവളുടെ ദേഹത്ത് തുളച്ചു കയറിയപ്പോൾ
അത് ലോകത്തിന്റെ ഹൃദയത്തിൽ തുളച്ചു
എല്ലാവരും കാത്തിരുന്നു
അവളുടെ തിരിച്ചു വരവിനായി
സ്വാത് താഴ്വര അവളെ ഹൃദയത്തിലേറ്റിയ നിമിഷം
ഒരു വെടിയുണ്ടയ്ക്കും തുളക്കാനാവാത്ത അവളുടെ നിശ്ചയ ദാർഢ്യം...
നമുക്കും കൈകോർക്കാം......

sehna shabana .. 9th C



# ഞാനറിയാതെ പോയത്

കാലങ്ങൾ കൊഴിഞ്ഞു വീണിരുന്നു
കോലങ്ങൾ മാറിക്കഴിഞ്ഞിരുന്നു
കറ പുരണ്ട ചിത്രങ്ങൾ എന്നന്നേക്കുമായി
വിട പറഞ്ഞിരുന്നു
കാലങ്ങൾ അക്ഷമയോടെ
അനന്തമായ കാത്തിരിപ്പോടെ
മന്ദം പാറിയകന്നിരുന്ന
ഉതിർന്നു വീണ രക്തത്തുള്ളി പോൽ
സ്വയം പരിഹസിക്കുന്നുവോ?
കറപുരണ്ട മണൽത്തരികൾ
പൂപോലെ വർണ്ണങ്ങൾ
ചമഞ്ഞിരുന്നുവോ..
മാനം കറുത്തിരുന്നില്ലേ..
മേഘം കിണുങ്ങിയിരുന്നില്ലേ..
എന്നിട്ടും , എന്തേ..
നീ അന്ധമായ് പിൻമാറിയത്..



ഫിദ നെസ്റിൻ 10 A

# പരിസ്ഥിതി ദിനം

ലോകമെങ്ങും ജൂൺ 5 പരിസ്ഥിതി ദിനമായി ആചരിച്ചു വരുന്നു.സർവ്വ സാധാരണമായി ഈ ദിനത്തിൽ ചെടികളും മരങ്ങളും നാം നട്ടു വളർത്തിയിരുന്നു.എന്നാൽ നാം ചെയ്യേണ്ടിയിരിക്കേണ്ട ധാരാളം കാര്യങ്ങളുണ്ട്.ഒരു ഇന്ത്യൻ പൗരനെന്ന നിലയിൽ നാം ഓരോരുത്തർക്കുമുള്ള കടമയാണ് 'പരിസ്ഥിതിയെ സംരക്ഷിക്കുക' എന്നത്.എന്നാൽ ഈ കടമയുള്ള നാം തന്നെ പരിസ്ഥിതിയെ ദൂഷണം ചെയ്തുകൊണ്ടിരിക്കുന്നു.മരങ്ങൾ വെട്ടിനശിപ്പിച്ചും, ഫാക്ടറികളിൽ നിന്നും മാലിന്യങ്ങൾ ഒഴുക്കിവിട്ടും പ്ലാസ്റ്റിക്ക് കവറുകളും മറ്റും മണ്ണിൽ നിക്ഷേപിച്ചും നാം നമ്മുടെ പരിസ്ഥിതി നശിപ്പിച്ചു കൊണ്ടിരിക്കുന്നു.എവിടെ നോക്കിയാലും കെട്ടിടങ്ങളും മറ്റ് ഫ്ലാറ്റുകളും മാത്രം കാണുന്നു. 'വികസനം' അത് നമുക്ക് അനിവാര്യമാണ്. എങ്കിലും അത് പരിസ്ഥിതിക്ക് ഇണങ്ങിയ തരത്തിലാവണം. .ഓരോ ദിവസവും വികസനത്തിൻെറ പേരിൽ എത്രയെത്ര പാടങ്ങളാണ് നാംനികത്തുന്നത്.ഇതിനെല്ലാം പ്രതിഫലമായി ഒരു പക്ഷേ പരിസ്ഥിതി




വൻദുരന്തം തന്നെ നമുക്ക് കാഴ്ചവെക്കാം.അതുകൊണ്ടു തന്നെ നാം ഓരോരുത്തരും നമ്മുടെ കടമ നിർവഹിച്ച് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വികസനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് നമുക്ക് പരിസ്ഥിതിയെ സംരക്ഷിക്കാം.

**ഫാത്തിമ ജഫ്‌ല**

# وقفوني ع الحدود

وقفوني ع الحدود... قال بدن هويتي
قلتلن إنَّ بيافا... مخبايتها ستي

يا كلمة القلتها... تقسموا صفين
صف بكرابيج...وصف يسأل وين
صرخت بفلسطين... فسخوني نصين
نصي على الحدود...ونص بحضن ستي

وقفوني ع الحدود... قال بدن هويتي
قلتلن إنِّ بيافا... مخبايتها ستي

ستي يامخبايّ... مدري بأي بيت
هويتي ضبيها...خبيها بشي حيط
بدّهن يحرقوها... من الدني يمحوها
ويا غيمات بلادي... عليهم ما تشتي

وقفوني ع الحدود... قال بدهن هويتي
قلتلن إنَّ بيافا... مخبايتها ستي

# സ്നേഹം

ഇവിടെ സ്നേഹിച്ചതാദ്യമായ്  ആരെ ഞാൻ?
മിഴികളിൽ ചുണ്ട് ചേർത്തൊരെന്നമ്മയെ
കവിതചൊല്ലി പഠിപ്പിച്ചൊരച്ഛനെ
വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ
ഇവിടെ സ്നേഹിച്ചതാദ്യമായ് എന്തിനെ?
ചുമടുതാങ്ങിതുണചൊരിഞ്ഞ മണ്ണിനെ
പിറവിയോടൊത്തു കണ്ട നഭസ്സിനെ
മധുരമൂറും മനുഷ്യവചസിനെ
കിളികൾ വാഴ്ത്തുന്ന മുഗ്ധരാഗത്തിനെ
കുളിരുചൂടുന്ന സുപ്രഭാതത്തിനെ
ഹൃദയരാഗം ചുവപ്പിച്ച സന്ധ്യയെ
ഇരുളാനീക്കുന്ന സുവർണ്ണ സൂര്യനെ
അഴകിൽ മുങ്ങിയൊരിന്ദ്രധനുസ്സിനെ
അലിവുകാട്ടുന്ന കാർമേഘപാളിയെ
നിഴൽ നിരത്തുന്ന നിശ്ശബ്ദരാത്രിയെ
അഴലകറ്റുവാനെത്തും പകലിനെ..

റൈഫ 8H

# تعلیم کی اہمیت

تعلیم ہمارے زندگی میں بہت اہمت رکھتا ہے۔ اگر تعلیم نہیں تو ہم نہیں آج زمانے میں ہمیں کہاں جاتا ہے۔ تعلیم ہمیں اتنا ہی ضرورت مند ہیں جتنا جینے کے لیے سانس ایسا آج کل کے زمانے میں کہتے ہیں۔ زندگی میں آگے بڑھنے کے لیے ہمیں تعلیم تو حاصل کرنا ہی پڑے گا۔ ہمیں تعلیم ہر کسی کے لیے برابر کا ہوتا ہے۔ نہ کسی کے لیے کم اور نہ کسی کے لیے زیادہ اس میں ہر کسی کا برابر حق ہوتا ہے۔

تعلیم بڑے چھوٹے ، جوان ہر کسی کو حاصل کرنے کا پورا حق ہے۔ اور ہمیں اس تعلیم کو برقرار رکھنا ہے۔ ہمیں تعلیم سے محبت ہونی چاہیے۔ ہمیں تعلیم سے دل لگی ہونی چاہیے۔ زندگی میں آج تعلیم کی وجہ لوگ بہت آگے پہنچ سکتا ہے۔ اور تعلیم نہ ملے تو چھوٹا بن جاتا ہے۔ اس لیے تعلیم کی عزت کرنی چاہیے۔ تعلیم کو کبھی نا کارہ نہیں سمجھ نہ چاہیے۔ تعلیم ہمیں بہت کچھ دے سکتی ہے۔ وہ ہمیں چھوٹے آدمی سے ایک بڑا آدمی بنا سکتی ہے۔

تعلیم کے بغیر آج کل کے زمانے میں کچھ نہیں ہیں۔ لوگ تعلیم نہ حاصل کر پانے سے بہت پریشان ہوتے ہے۔ انھیں تعلیم کے لیے کئی طرح کے حالات سے گزرنا پڑتا ہے۔ اور وہ سب حالات کا سامنا کرنا پڑتا ہے جو کہ انھوں نے کبھی کیا ہیں۔ لیکن چاہیے جو کچھ بھی ہوں تعلیم تو ہماری زندگی کے لیے ایک روشنی ہے۔

تعلیم کے لیے لڑکیوں کو کبھی اتنی آزادی ہے جتنا کے لڑکوں کو۔ تعلیم تو ہر کسی کو برابر کا ملنا چاہیئے۔ تعلیم سے ہمیں کبھی کچھ پریشانی نہیں ہوگی بلکہ تعلیم ہمیں آگے لے جائے گا پیچھے موڑ کے کبھی نہیں دکھائے گا۔ زندگی میں کامیاب ہونا ہے تو تعلیم حاصل کرو۔ اگر کچھ حاصل کرنا ہے تو تعلیم حاصل کرو۔ کچھ کر دکھانا ہے تو تعلیم حاصل کرو۔ ہمیں سب آج کے زندگی اور آنے والے زندگی کے لیے روشنی ہے۔ تعلیم سے ہمیں کچھ بھی برا نہیں ہو سکتا۔ تعلیم زندگی میں آگے جانے کا راستہ بتاتا ہے۔ مشکل میں ڈالتا ہے۔ اور نہ ہی کسی پریشانی میں ڈالتا ہے

* تعلیم کی اہمیت کرو۔ * تعلیم کی عزت کرو۔

* تعلیم کو محفوظ رکھو۔ * تعلیم کو ہر کسی کو برابر حق ہے

* تعلیم سے محبت کرو۔ * تعلیم کے ساتھ چلو۔

* تعلیم کو بر قرار رکھو۔ * تعلیم کو کبھی برامت سمجھنا۔
* تعلیم انسانیت کی نشانی ہے۔ * تعلیم ہمیں روشنی دکھاتا ہے۔
* تعلیم ہر کسی کی میٹھ زبان ہے۔ * تعلیم سیکھو اور سکھاؤ۔
* تعلیم ہمارے دل کا سکون ہیں۔
* تعلیم ہمارے زندگی کے اندھیروں بجھائے گا۔

• تعلیم اس کے بارے میں جتنا بھی کہوں اتنا کم ہیں۔ تعلیم جو کہ زندگی میں آگے بڑھنے کی طاقت دیتا ہیں۔ تعلیم وہ جوہر پر لیتا ہے سے ڈر کے سامنا کرتا ہے۔ تعلیم وہ ہے جو ہر برائی کو اچھائی میں بدلتا ہے۔ اور تعلیم وہ ہے جو ہمیں انسان بناتا ہے۔

**ജന്നത്തുൽ ഫിർദൗസ് 10C**
**(ജില്ലാ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ ഉപന്യാസം)**



# വാഗൺട്രാജടി

1921 നവംബർ 20 ന് മലബാറിൽ ഐതിഹാസിക വിപ്ലവം നടന്നു. ഈ ലഹളയെ മാപ്പിളലഹള എന്നും പറയുന്നു. ഈ ലഹളക്ക് വർഗ്ഗീയലഹള എന്ന പേര് നൽകി ആദ്യം ചിത്രീകരിച്ചത് ബ്രിട്ടീഷുകാരായിരുന്നു. ഇന്ത്യയെ ഭിന്നിപ്പിച്ചു ഭരിച്ചിരുന്ന ബ്രിട്ടീഷുകാരുടെ ആവശ്യം കൂടിയായിരുന്നു അത്. മലബാർകലാപം എന്നറിയപ്പെടുന്ന ആ കലാപം വെറുമൊരു ഹിന്ദു-മുസ്ലീം സംഘർഷമായിരുന്നില്ല. മറിച്ച് അധികാരി-ജന്മി വിഭാഗത്തിനെതിരെ ഒരു വിഭാഗം നടത്തിയ സമരപോരാട്ടമായിരുന്നു അത്. മലബാർകലാപത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ ബോധപൂർവ്വം നടത്തിയ കൂട്ടക്കൊലയായിരുന്നു വാഗൺട്രാജടി. ഇതിന് നേതൃത്വം വഹിച്ചത് ഹിച്ച്കോക്ക് എന്ന ബ്രിട്ടീഷുകാരനായിരുന്നു. സിറിയയിലൊക്കെ ഐ എസുകാർ നടത്തി വരുന്ന ക്രൂരത പോലെത്തന്നെയായിരുന്നു ഇവിടെ ബ്രിട്ടീഷുകാർ പാവങ്ങളോട് ചെയ്തത്. ഒരു പക്ഷേ ജാലിയൻവാലാബാഗ് കൂട്ടക്കൊല പോലെത്തന്നെ ഇന്ത്യയുടെ ഇടം നേടിയ ഒന്നാണ് വാഗൺട്രാജടിദുരന്തം.


ബ്രിട്ടീഷുകാർക്കും ജന്മിമാർക്കും എതിരെ ആരംഭിച്ച മലബാർകലാപം ചില ഘട്ടങ്ങളിൽ അതിന് നേതൃത്വം നൽകിയവരിൽ നിന്നുപോലും കൈവിട്ടുപോയി. ഹിന്ദുക്കൾക്ക് എതിരായി ആക്രമണങ്ങൾ നടത്താൻ ചിലർ കലാപം മറയാക്കി. 1921 ആഗസ്റ്റ് 21 ന് ബാങ്കും കൊള്ളയടിച്ചതോടെ ഇതൊരു വർഗ്ഗീയലഹളയാകാൻ തുടങ്ങി. ലഹളക്കു നേതൃത്വം നൽകിയവരെ വളരെയധികം വേദനിപ്പിച്ച ഒന്നായിരുന്നു അത്.തുടർന്ന് ലഹളക്കു നേതൃത്വം നൽകിയ കുഞ്ഞിമുഹമ്മദ് ഹാജി കൊള്ളയടിച്ച വസ്തുക്കൾ തിരികെ കൊടുപ്പിച്ചു. മാത്രമല്ല ലഹള ഹിന്ദുക്കൾക്കെതിരെയല്ല ബ്രിട്ടീഷുകാർക്കെതിരെയാണെന്നും കലാപകാരികൾ പ്രഖ്യാപിച്ചു. കലാപം അടിച്ചമർത്താൻ ബ്രിട്ടീഷുകാർ ഗൂർഖസൈന്യത്തെ 28 ന് മലബാറിലെത്തിച്ചു. പൂക്കോട്ടൂരിൽ കലാപകാരികളും സൈന്യവും തമ്മിൽ ഏറ്റുമുട്ടി. ദിവസങ്ങളോളം സൈന്യം അവിടെ അഴിഞ്ഞാടി. നവംബർമാസത്തിൽ പാണ്ടിക്കാട് ചന്തയിൽ താവളമടിച്ചിരുന്ന ഗൂർഖസൈന്യത്തെ കലാപകാരികൾ ആക്രമിച്ചതോടെ സൈന്യം വളരെ ക്രൂരമായി അവരെ നേരിട്ടു. കലാപകാരികളെ അടിച്ചമർത്താനും അവരെ നാടുകടത്താനും സൈന്യം തീരുമാനിച്ചു. അവരെ നാടുകടത്തിയിരുന്നത് കോയമ്പത്തൂരിലേക്കും ആൻഡമാനിലേക്കുമായിരുന്നു. ഇവരെ വിചാരണ ചെയ്യാനും കൊല്ലാനും തുടങ്ങി. ആദ്യം കണ്ണൂരിലെ സെൻട്രൽ ജയിലിലേക്കാണ് അയച്ചത്. വൈകാതെ അവിടെ കലാപകാരികളെക്കൊണ്ട് നിറഞ്ഞു. തുടർന്ന് അവരെ ബെല്ലാരിയിലേക്ക് കൊണ്ടു പോകാൻ തീരുമാനിച്ചു. ഇതാണ് വാഗൺട്രാജടിദുരന്തത്തിലേക്ക് വഴിവെച്ചത്.

മലബാറിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് പിടിക്കപ്പെട്ട സമരനായകരെ തിരൂർ റെയ്ൽവേസ്റ്റേഷനിലേക്ക് കൊണ്ടുവന്നു. തുടർന്ന് കൊടിയ പീഢനങ്ങൾ,മർദ്ദനങ്ങൾ. അങ്ങനെ നൂറോളം വരുന്ന മാപ്പിള ഭടൻമാരെ പോത്തന്നൂർ വഴി ബെല്ലാരിയിൽ എത്തിക്കാനായിരുന്നു ഹിച്ച്കോക്കിന്റെ ശ്രമം. വിശപ്പും ദാഹവും ക്ഷീണവും സഹിച്ചു. കലാപകാരികളെന്ന് മുദ്രകുത്തിയ പലരേയും ഹിച്ച്കോക്ക് യിലിലടച്ചതും വാഗണിലൂടെയായിരുന്നു. ഭീതിയും

ഇരുട്ടുംവായു സഞ്ചാരമില്ലാത്ത തീവണ്ടി വാഗണും. ചരക്കുകൾ മാത്രം കൊണ്ടുപോകുന്ന വാഗണിൽ നിരവധിപേരെ അയാൾ കുത്തിനിറച്ച് മരണത്തിലേക്ക് തള്ളിയിട്ടു. MSMLB 1711 വാഗണിൽതൊണ്ണൂറു പേരെയാണ് കുത്തിനിറച്ചത്.വായുപോലും പ്രവേശിക്കാത്ത ബോഗിക്കുള്ളിൽ ആളുകൾ തിങ്ങിനിറഞ്ഞു. പലരും ശ്വാസം കിട്ടാതെ പിടഞ്ഞു." തുറക്കണേ" എന്ന് അലറിവിളിച്ചു. ദാഹിച്ചു വലഞ്ഞവർ മൂത്രം കുടിച്ചും വിയർപ്പുതുള്ളികൾ നക്കിക്കുടിച്ചും ദാഹം തീർത്തു.രാവിലെ ഏഴുമണിക്ക് പുറപ്പെട്ട തീവണ്ടി രാത്രി പന്ത്രണ്ടു മണിക്കാണ് എത്തിയത്. ആപ്പോഴേക്കും കലാപകാരികൾ പലരും മരണപ്പെട്ടിരുന്നു. പരസ്പരം കടിച്ചുകീറി ശ്വാസം കിട്ടാതെ മലമൂത്രവിസർജനം നടത്തി ദ്ഹവും ക്ഷീണവും സഹിച്ച് ക്രൂരതക്കിരയാക്കപ്പെട്ട അമ്പതോളം പേർ. മൃതദേഹവുമായി തീവണ്ടി എത്തിയപ്പോൾ കൂടെ ഉദ്യോഗസ്ഥരാരും തന്നെ ഉണ്ടായിരുന്നില്ല.നാട്ടുകാർ തന്നെ മൃതദേഹങ്ങൾസംസ്കരിച്ചു.

മലബാർകലാപത്തെ വർഗ്ഗീയലഹളയാക്കി ചിത്രീകരിക്കാൻ ബ്രിട്ടീഷുകാർ നടത്തിയ ശ്രമം ചെറുതൊന്നുമല്ലായിരുന്നു. കലാപത്തെ അടിച്ചമർത്താൻ അവർ ജന്മികളെ കൂടെനിർത്തിയെന്നുമാത്രമല്ല കലാപകാരികളെ പോലീസിന് ഒറ്റിക്കൊടുത്തു. ഒറ്റിക്കൊടുത്തത് ഹിന്ദുക്കളാണെന്ന പ്രചരണം ശക്തമാക്കി.ഇത് ലഹള ഹിന്ദുക്കൾക്കെതിരെ തിരിയാൻ കാരണമായി. ബ്രിട്ടീഷുകാരുടെ ചതിയാണ് ഇതിന്റെ പുറകിലെന്ന് മനസിലാക്കാൻ പാവങ്ങൾക്ക് കഴിഞ്ഞില്ല. ജനങ്ങൾ ചേരി തിരിഞ്ഞതോടെ ബ്രിട്ടീഷുകാർക്ക് എളുപ്പത്തിൽ കലാപം അടിച്ചമർത്താൻ കഴിഞ്ഞു. കുഞ്ഞിമുഹമ്മദ് ഹാജി ഉൾപ്പെടെ നേതാക്കളെയെല്ലാം നാടുകടത്തി.

SHIFLA C K
8 A



# സൗഹാർദ്ദം



അച്ഛന്റെ കൈപിടിച്ച് ബാഗും തോളിലേറ്റി ഞാൻ ആദ്യ സ്കൂളിന്റെ പടി കയറി. കുറെ ബെഞ്ചുകളും കുട്ടികളും. കരഞ്ഞു കൊണ്ടിരിക്കുന്ന കുട്ടികളെ കണ്ടപ്പോൾ ഞാൻ പരിഭ്രാന്തയായി. ടീച്ചർ എന്നെ ഒരു ബെഞ്ചിലിരുത്തി. എന്റെ അടുത്തിരിക്കുന്ന പയ്യൻ  അലറിക്കരയുന്നുണ്ടായിരുന്നു. ഞാൻ അച്ഛൻ വാങ്ങിത്തന്ന ഒരു മിഠായി അവന് നൽകി. കരച്ചിൽ നിർത്തി ചെറു പുഞ്ചിരിയുമായി അവനത് വാങ്ങി. ആ പുഞ്ചിരി ഇരു മനസ്സുകളിലേക്കും പകർന്നു.

അവൻ എനിക്ക് ഒരു വെള്ളത്തണ്ട് തന്നു. സ്ലേറ്റിൽ നിറഞ്ഞ വരകളും കുറികളും വെള്ളത്തണ്ടുരച്ച്  മായിച്ചപ്പോൾ മനം നിറയെ അവനോടുള്ള സ്നേഹമായിരുന്നു. അവന് നാരങ്ങ മിഠായി വലിയ ഇഷ്ടമായതിനാൽ ഞാൻ എന്നും അവന് വേണ്ടി നാരങ്ങ മിഠായി കൊണ്ടു വന്നു. അങ്ങനെ ഞങ്ങൾ ചങ്ങാതിമാരായി മാറി.അവനെന്നും എനിക്ക് വേണ്ടി വെള്ളത്തണ്ടുകൾ കൊണ്ടുവരുമായിരുന്നു. ഒരു ദിവസം ഞാൻ ചോദിച്ചു. നിനക്ക് എവിടുന്നാ ഈ വെള്ളത്തണ്ടുകൾ? എന്റെ വീടിന്റെ അടുത്തൊരു ആമ്പൽ കുളമുണ്ട്. അതിൽ നിറയെ ആമ്പലും വെള്ളത്തണ്ടുമുണ്ട്. ഞാനും കേട്ടിട്ടുണ്ട് ആ ആമ്പൽ കുളത്തെ കുറിച്ച്. ഒരു തവണയെങ്കിലും ആമ്പലുകൾ പറിക്കണമെന്ന് ആഗ്രഹിച്ചിട്ടുമുണ്ട്.ഞാൻ തന്റെയാഗ്രഹം അവനോട് പ്രകടിപ്പിച്ചപ്പോൾ നാളെ സ്കൂളിലേക്ക് വരുമ്പോൾ കൊണ്ടു വരാമെന്ന് അവൻ സമ്മതിച്ചു.

പിറ്റേ ദിവസം സ്കൂളിൽ പോവാൻ വലിയ ഉത്സാഹമായിരുന്നു. അച്ഛനോട് പറഞ്ഞ് നാരങ്ങാമിഠായി കുറച്ചധികം വാങ്ങിച്ചു. അൻവർ ആമ്പൽപ്പൂവുമായി വരുന്നത് മനസ്സിൽ കണ്ടു, സ്കൂളിലേക്കോടി. സ്കൂൾ മുറ്റത്തെത്തിയപ്പോൾ ആരോ പറഞ്ഞു. "ഇന്ന് സ്കൂളില്ല,ഒരു കുട്ടി വെള്ളത്തിൽ മുങ്ങി മരിച്ചു" അൻവർ എന്നാ അവന്റെ പേര്. കരളലിയിപ്പിക്കുന്ന ദു:ഖ വാർത്തയിൽ എന്റെ കരുത്ത് ചോർന്നു പോയി. കണ്ണിൽ നിന്നും ചുടു ബാഷ്പങ്ങൾ ഉതിർന്നു വീണു. ഞാൻ എന്നും ഓർക്കാറുണ്ട് ഒരു കൂട്ടം ആമ്പലുകളുമായി എന്റെടുത്തേക്ക് ഓടി വരുന്ന അൻവറിനെ.

മുസ്ന മിർസ

8 F



## സ്വർഗത്തിന്നാരാമത്തേര്...

ഞെട്ടറ്റു വീണ പുഷ്പമേ..
നിന്നാത്മ ശാന്തിക്കായി
നേരുന്നായിരം സ്തുതികൾ
അറിവുകൾ നിറച്ചിരുന്ന പൂവ്വിതളുകൾ
വിടരാതെ പൊഴിഞ്ഞുപോയ കാലത്തിൽ
നിൻ ശിഷ്യരാം ശലഭങ്ങൾ
മധു നൽകി തുടങ്ങിയോ.............
വിടച്ചൊല്ലിയ കാലമായിരുന്നുവോ
ശിഷ്യർക്ക് സ്നേഹഗുരു
കാലത്തിൻ നിറദീപമായ് നിന്നു
യാത്രയായ് ഞങ്ങളിൽനിന്ന് നീ............
പ്രാർത്ഥിക്കുന്നു ഞാൻ നിന്നാത്മശാന്തിക്കായ്
ഒത്തുചേർന്നിടേ നമ്മൾ വിണ്ടും
സ്വർഗത്തിന്നാരാമത്തിൽ

ആയിശ ഹസ്ല (9A)

# DEATH

Ah ! Here comes my end
Between heaven and hell.
I curse my untruthful deeds
Lying before me.
By they grace. Save my lord.

My pain, my sorrow, my fears
Washed away by feared tears,
My god have mercy on me,
Prayed by the heart of my be loved,
By they grace, save my lord.

My passion, my money, my wealth,
Being dried, and carried;
By the fearful winds of Arabia.
Swallowed within the howls of earth.
By they grace, save me my lord.

Ah ! The untold truth being;
Bestowed upon me.
Neither love nor hate gives a hand,
Here starts the untravelled journey.
By they grace, save my lord.
The church bell rang lord,
Sun went past the clouds, they seas,
Poor of memories being kicked open,
Leaving the scent of my beloveds
By they grace, save me my lord.

My seven ages being finished.
Let the present prosper the truth.
Let this untold truth be told
Let this world get to know it
By the grace, save me my lord.

MUBARIS. KP
9-C

# ഒറ്റ ഉത്തരം



*ദണ്ഡിയാത്രയുടെ നേതാവാര്?

*സബർമതിയിലെ സന്യാസി എന്നറിയപ്പെടുന്നത് ?

*ഗ്രാമ സ്വരാജ് എന്ന ആശയം ആദ്യമായി മുന്നോട്ടു വെച്ചത് ആര് ?

*രവീന്ദ്രനാഥ ടാഗോറിനെ ഗുരുദേവ് എന്ന് വിളിച്ചതാര് ?

*സത്യാഗ്രഹ സഭ ആരംഭിച്ചതാര് ?

*ഹിന്ദ് സ്വരാജ് ആരുടെ കൃതിയാണ് ?

*സുഭാഷ് ചന്ദ്ര ബോസിനെ രാജ്യസ്നേഹികളുടെ രാജകുമാരൻ എന്ന് വിശേഷിപ്പിച്ചതാര്?

*ലക്ഷ്യമില്ലാത്ത ജീവിതം വഴിതെറ്റിയ കപ്പൽ പോലെയാണ് എന്ന് പറഞ്ഞ മഹാൻ.

*വല്ലഭായ് പട്ടേലിന് 'സർദാർ' പദവി സ്നേഹപൂർവ്വം നൽകിയതാര് ?


*ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടു പോകാതെ ഇന്ത്യയിലെ വർഗീയ പ്രശ്നം പരിഹരിക്കാൻ കഴിയില്ല എന്ന് പറഞ്ഞതാര്?

*ഇന്ത്യൻ തപാൽ സ്റ്റാംബിൽ പ്രത്യക്ഷപ്പെട്ട ആദ്യ ഇന്ത്യക്കാരൻ ആര്?

*രണ്ടാം വട്ട മേശ സമ്മേളനത്തിൽ കോൺഗ്രസിന്റെ പ്രതിനിധി ആര്?

*"എനിക്കവകാശപ്പെടാനുള്ള ഏക ഗുണം സത്യവും അഹിംസയുമാണ്" ഇത് ആരുടെ വാക്കുകളാണ്?

ഫാത്തിമ മുർഷിദ. ഇ.പി 8.ബി



# നിൻമിഴികളിൽ

കണ്ണുകൾക്ക് സംസാരിക്കാൻ കഴിയുമെന്ന് പഠിപ്പിച്ചത്
നിന്റെ കണ്ണുകളാണ്
എന്റെ ഓരോ ചോദ്യത്തിനും മറുപടി തന്നത്
ആ കണ്ണുകളാണ്
നിന്റെ പിണക്കവും മൗനവും
എല്ലാമെല്ലാം തുളുംബി നിന്നത് ആ കണ്ണുകളിലാണല്ലോ
ആരും കാണാതെ എന്നെ തിരഞ്ഞതും
ഒടുവിൽ തുളുമ്പിത്തുളുമ്പി നിന്ന ആ കണ്ണുകൾ
തന്നെയല്ലേ
എന്നോടു വിടപറഞ്ഞതും

അസ്റിനാസ്.കെ.വി
8.എ



# ഒരു വിളക്കിന്റെ നൊമ്പരം

നിധിയെന്ന് കരുതിയതെല്ലാം  കാലം
പിച്ചിച്ചീന്തിയ കടലാസ് പോലെ
ഒഴുകിയെത്തിയ കായൽ കാറ്റിൽ പറത്തി
ഇനിയൊരു ഏറ്റുപറച്ചിൽ മാത്രം
ബാക്കിയാക്കി നിറം മങ്ങിയ
മഴമേഘവും പെയ്തൊഴിഞ്ഞു.
ഇനിയുമെവിടെയോ ഇരുളിൻ മറയിൽ
കാത്തുനിൽക്കുന്ന ക്രൂരമാം
കണ്ണുകളെ .....
ഞാനിന്നുമിവിടെ ബാക്കി
കഴിയുമെങ്കിൽ പറയുക,നീയെന്ത് നേടീ
നിന്റെയാ കണ്ണുകൾ നഷ്ടമാക്കിയതെൻ
സ്വപ്നത്തിൻ പ്രകാശ നാളം
ഞാനെന്ന വിളക്ക് അണയുവാനിനി
നിന്റെ നേർത്ത നിശ്വാസം മാത്രം മതി

റാജഫ.വി കെ 10C



# വഴി തെറ്റിയോടുന്ന കൗമാരം

മനുഷ്യ ജീവിതത്തിലെ വസന്ത കാലമാണല്ലോ, കൗമാരം. ഒരു സമൂഹത്തെ നന്മയിലേക്ക് നയിക്കേണ്ടവരാണല്ലോ യുവതീ യുവാക്കൾ. അവരാണ് സമൂഹത്തിൻെറ ഭാവിയെ നിർണയിക്കേണ്ടവർ. സമൂഹത്തിൻെറ നിലനിൽപ്പ് തന്നെ ചെറുപ്പക്കാരെ ആശ്രയിച്ചിരിക്കുന്നു. ആധുനികാലത്ത് ഈ വാക്കുകളെല്ലാം പഴമൊഴികളായിരിക്കുന്നു. ഇന്ന് കൗമാരജീവിതം വഴിതെറ്റിയോടുകയാണ്. പണത്തിനും, സുഖത്തിനും വേണ്ടി എന്തും ചെയ്യാൻ  മടിക്കാത്തവരായി മാറിയിരിക്കുന്നു. സമൂഹത്തിൻെറ ഭാവിയെ വാർത്തെടുക്കേണ്ടവർ സമൂഹത്തിൻെറ അധ:പതനത്തിന് വഴിയൊരുക്കുന്നു. ഇന്ന് നമ്മുടെ വാർത്താമാധ്യമങ്ങളിൽ ഒന്ന് കണ്ണോടിച്ചാൽ കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുന്നത് അധികവും ചെറുപ്പക്കാരാണ്. യുവതലമുറയെ വഴിതെറ്റിക്കുന്നതിൽ ഇലക്ട്രോണിക് മാധ്യമങ്ങള്ക്ക്  വലിയൊരു പങ്കുണ്ട്. എന്തിന് പറയണം, നമ്മുടെ കൈവെള്ളയിൽ ഒതുങ്ങുന്ന മൊബൈൽ ഫോൺ തന്നെ ഒരു ജനതയെ നശിപ്പിക്കാനുള്ള ഉപകരണമായി മാറിയിരിക്കുന്നു. ഇതിന്റെ ദുരുപയോഗം നമ്മെ കൊണ്ടെത്തിക്കുന്നത് തീർത്തും വ്യത്യസ്തമായ ലോകത്താണ്. ഇന്നത്തെ യുവതലമുറ ലഹരിക്കടിമകളായി മാറിയിരിക്കുന്നു.മദ്യത്തിന്റേയും പാൻമസാലകളുടേയും പിന്നാലെ പോകാൻ കേരളം ഇന്ന് പഠിച്ചിരിക്കുന്നു. ഇരുട്ടിത്തുടങ്ങിയാൽ ഇന്ന് സ്ത്രീകൾക്ക് പുറത്തിറങ്ങാൻ വയ്യാതെയായിരിക്കുന്നു.ഇന്നോ ഇന്നലെയോ കണ്ട ഒരുത്തനിൽ നിന്നും കിട്ടുന്നതാണ് യഥാർത്ഥ സ്നേഹമെന്നും അവനാണ് മാതാപിതാക്കളേക്കാളും വലുതന്നും കരുതി വീട് വിട്ടിറങ്ങുന്ന  ചെറുപ്പക്കാരികൾ! പക്ഷേ,അവർ നടക്കുന്നത് ചതിക്കുഴിയിലേക്കാണെന്ന് അവർ അറിയുന്നില്ല.യഥാർത്ഥ സ്നേഹത്തിന് ആയുസ്സ് വളരെ കുറവായിരിക്കും.എല്ലാം നഷ്ടപ്പെട്ട അവർ മരണത്തിന് കീഴടങ്ങാൻ നിർബന്ധിതരാകുന്നു.അവരിൽ ചിലരെങ്കിലും 'റെഡസ്ട്രീറ്റുകളിൽ 'വിൽപ്പനച്ചരക്കുകളാകുന്നു.പൂർണസാക്ഷരതയിലെത്തിയ ദൈവത്തിൻെറ സ്വന്തം നാടായ കേരളം പിശാചിൻെറ കൈകളിൽ ഭദ്രമാവുകയാണോ?നമ്മുടെ കേരളം നാശത്തിലേക്ക് നടന്നടുക്കുകയാണോ?

# പിരിയാനാകാത്ത സൗഹൃദം

ഒരു പൂവിൻ  ഇതളാർന്നൊരു
പിഞ്ചുമനമുരുകുന്നിതാ  നോവുമായ്
പിരിയാനറിയാത്ത മനസ്സുമായ്
ഇടനെഞ്ചു  പൊട്ടുന്നിതാ............
ഓരോ ദിനത്തിലും  എത്ര  ഓർമ്മകൾ
ബാക്കി  വെക്കവേ നിൻ ഓർമ്മക്കായ്
ഓരോ ദിനങ്ങൾ കടന്ന് പോകവെ
ഇടനെഞ്ച് പൊട്ടും വേദനയാൽ
പിരിയാനൊരു  സൗഹൃദം
പിരിഞ്ഞാലോ സൗഹൃദം മാത്രം

# ആ പ്രകാശം പൊലിഞ്ഞു



1948 ജനുവരി 30 വെള്ളിയാഴ്ച്ച.സമയം, വൈകുന്നേരം അഞ്ച്.പ്രാർത്ഥനായോഗം തുടങ്ങാനുള്ള സമയം.സർദാറുമായുള്ള ചർച്ച അപ്പോഴും തീർന്നിരുന്നില്ല.ആഭ ഗാന്ധിജിയുടെ ഇംഗർസോൾ വാച്ചെടുത്തു നീട്ടി."ഓ...പ്രാർത്ഥനക്ക് പോകാൻ വൈകിയിരിക്കുന്നു."എന്നു പറഞ്ഞുകൊണ്ട് ഗാന്ധിജി എഴുന്നേറ്റു.അപ്പോഴാണ് കത്തിയവാറിൽ നിന്ന് രണ്ടു പേർ വന്നിട്ടുണ്ടെന്നറിഞ്ഞത്. പ്രാർത്ഥനക്ക് ശേഷം അവരെ കാണാം.ഞാൻ ജീവിച്ചിരിക്കുന്നുവെങ്കിൽ ,എന്നു പറഞ്ഞുകൊണ്ട് ആഭയുടെയും മനുവിൻെറയും ചുമലിൽ കൈത്തണ്ട വെച്ച് അദ്ധേഹം പ്രാർത്ഥനാ വേദിയിലേക്ക് നടന്നു.അതേ സമയം തന്നെ മഹാത്മാവിൻെറ ജീവിതം അവസാനിപ്പിക്കാൻ ഉറച്ച് മൂന്ന് പേർ ബിർളാ മന്ദിരത്തിൽ എത്തിക്കഴിഞ്ഞിരുന്നു .നാഥൂറാം വിനായക് ഗോഡ്സെ,നാരായൺ ആപ്തെ,വിഷ്നു കാർക്കറെ. മുസ്ലിം അനുയായിയായി നിന്ന് ഗാന്ധ്ജി ഹിന്ദുക്കളെ ചതിക്കുകയാണെന്ന ചിന്താഗതിയായിരുന്നു അവരുടേത്. മുപ്പതോളം പോലീസുകാർ പ്രാർത്ഥനാവേദിക്കരികെ ഉണ്ടായിരുന്നെങ്കിലും കൊലയാളികൾക്ക് തടസ്സം കൂടാതെ ലക്ഷ്യ സ്ഥാനത്ത് എത്തിച്ചേരാൻ കഴിഞ്ഞു.

ഗാന്ധിജിയെ കാണാഞ്ഞ് ജനങ്ങൾ അക്ഷമരായി. വൈകിവരുന്ന പതിവില്ലല്ലോ,താമസിയാതെ ഗാന്ധിജി എത്തി.സമയം അഞ്ച് കഴിഞ്ഞ് 12 മിനിട്ട് മനുവിൻെറ കയ്യിൽ ഗാന്ധിജിയുടെ ജപമാലയും, കണ്ണടയും, നോട്ട് ബുക്കും, പേനയും ഉണ്ടായിരുന്നു.വലതുവശത്ത് നിന്ന് കാക്കിവേഷം ധരിച്ച ഗോഡ്സെ ആൾക്കൂട്ടത്തിനിടയിലൂടെ ഗാന്ധിജിയുടെ മുന്നിലെത്തി."നമസ്തേ ഗാന്ധിജി,'എന്ന് പറഞ്ഞ് ബാപ്പുവിനെ വണങ്ങി.മനു വിചാരിച്ചത് അയാൾ ഗാന്ധിജിയുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യാൻ ശ്രമിക്കുകയാണെന്നാണ്.മനു അയാളെ തടയാൻ ശ്രമിച്ചു.കാരണം ,ഗാന്ധിജിക്ക് ഇത് ഇഷ്ടമായിരുന്നില്ല.ഗോഡ്സെ ഇടതുകൈ കൊണ്ട് മനുവിനെ ഒരുവശത്തേക്ക് തള്ളി.മനു താഴെ വീണു.ഗോഡ്സെയാകട്ടേ ,ഗാന്ധിജിക്ക് മുമ്പിൽ രണ്ടടിയോളം മാത്രം അകലെയായി നിലയുറപ്പിച്ചു. ചെറിയ കൈത്തോക്കിൽ നിന്ന് മൂന്ന് വെടിയുണ്ടകൾ ! ആദ്യത്തെ വെടിയുണ്ട തറച്ചപ്പോൾ മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്ന ഗാന്ധിജിയുടെ കാൽ മടങ്ങിപ്പോയെങ്കിലും താഴെ വീണില്ല.രണ്ടാമത്തെ വെടിയുണ്ടയും ദുർബലമായ ആ ശരീരത്തിൽ തറച്ചു.രക്തം വെളുത്ത വസ്ത്രങ്ങളെ ചുവപ്പിച്ചു.കൂപ്പി നിന്നിരുന്ന കൈകൾ പതുക്കെ കുഴഞ്ഞു. ഹേ..റാം എന്ന് ഗാന്ധിജി മന്ത്രിച്ചു. മൂന്നാമത്തെ വെടിയൊച്ചയും മുഴങ്ങി.മഹാത്മജിയുടെ ശരീരം നിലം പതിച്ചു.കണ്ണട തെറിച്ചു വീണു.ലോകം കണ്ട ഏറ്റവും മഹത്തായ സഹന സമരത്തിൻെറ ആചാര്യൻ വിടവാങ്ങി.അപ്പോൾ സമയം 5;27.

ഷഹന ഫാത്തിമ എം.എസ്

# CANDLE

My light gives you the will to hope with,
When the times are tough;
My flame inspires you to never quit
When lifes path is rough
We give a hope and a feel of joy
Just like a child when he plays with a toy
My light conquers all darkness,
My flame fills you with hope and happiness
My light and flame stand united,
In unity in our strength
My flame fills hope and feel of joy
Together we make your birthdays great
All over the years;
We give you wishes after blowing and
Are lit when darkness wears,
Together they fill hope and a feel of joy
Just like a child when he plays with a toy

shada 10C

# <u>പൊൻ വിളക്ക്</u>

പുലർകാല വേളയിൽ പൂർവ്വദിക്കിൽ
പൊൻപ്രഭ തൂകുന്ന പൊൻ വിളക്ക്
ആയിരം തിരിയിട്ട പൊൻ വിളക്ക്
പകലന്തിയോളം എരിഞ്ഞു കത്തി
അന്തിക്കു പശ്ചിമ ദിക്കിലെത്തി
ആഴക്കടലിലേക്കുളിയിട്ടു
പിറ്റേന്നു നേരം പുലരുമ്പോൾ
നീരാടിയെത്തുന്ന പൊൻ വിളക്ക്
വീണ്ടും കിഴക്കാ മലമുകളിൽ
പൊൻതൂകി തിളങ്ങി നിൽപ്പൂ

റിഫ.ടി പി
8.H



# പ്ലാസ്റ്റിക് എന്ന വില്ലൻ

ഉപഭോഗ സംസ്കാരത്തിന്റെ പ്രധാന ഘടകമാണ് പ്ലാസ്റ്റിക് എന്ന കൊലയാളി.ഇന്ന് മനുഷ്യർക്ക് പ്ലാസ്റ്റിക് ഇല്ലാതെ ജീവിക്കാൻ കഴിയില്ല എന്ന മട്ടിലായിരിക്കുന്നു.എവിടെ നോക്കിയാലും ഇന്ന് പ്ലാസ്റ്റിക്ക് ചിത്രപ്പണി തന്നെ.നാട്ടുംനഗരവും ഇന്ന് പ്ലാസ്റ്റിക്ക് കുന്നുകൂടി ക്കിടക്കുന്നു.മണ്ണിൽ ലയിച്ച തീരാത്ത പ്ലാസ്റ്റിക്ക് എന്ന കൊലയാളി ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്.ഈ പ്ലാസ്റ്റിക്കിന്റെ ഉപയോഗം മണ്ണിന് വളരെ ദോഷകരവമാണ് .മണ്ണിൽ ഇത് ലയിക്കാത്ത കാരണം കൃഷിക്ക് വളരെ അനുയോജ്യ മായ മണ്ണ് കേടുവരികയാണ്. ഈ പ്ലാസ്റ്റിക്ക് കത്തിക്കുമ്പോൾ ഉണ്ടാകുന്ന പുക അന്തരീക്ഷം മലിനമാക്കുകയാണ്.അതിന് നമ്മൾ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുകയാണ് വേണ്ടത്.പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കാൻ ആദ്യം നാം കടയിൽ വിൽക്കുന്ന പ്ലാസ്റ്റിക്ക് കവർ നിരോധിച്ച് ചാക്ക് പോലുള്ള പ്രകൃതിദത്തമായത് ഉപയോഗിക്കണം. ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിച്ചിരിക്കുന്ന കേരളം ഇന്ന് പ്ലാസ്റ്റിക്ക് കൊണ്ട് നിറഞ്ഞിരിക്കുകയാണ്. സർക്കാർ പല നടപടികളും നടത്തുന്നുണ്ടെങ്കിലും അതൊന്നും ഫലപ്രദമായി മുന്നോട്ട് പോകുന്നില്ല. ഇതിനൊക്കെ പൊതു പരിഹാരം ഉടനടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.






ഹന്ന.എൻ



ഷഹന പി 8H






ആദിൽ മുഹമ്മദ്  10 എ






**പടിയിറങ്ങാത്ത ഓർമ്മകൾ............**

ഹൈസ്ക്കൂൾ ജീവിതത്തിന്റെ അവസാന ഇതളും കൊഴിയാൻ സമയമായി.ഓർമ്മകൾ മുഴുവൻ മനസ്സിൽ ചാലിച്ച് ഇനി ഞങ്ങളും പടിയിറങ്ങുകയാണ്. വിഷമം മുഴുവൻ ഉള്ളിലൊതുക്കി സ്ക്കൂളിന്റെ സ്കൂളിന്റെ അവസാന പടിയും ഇറങ്ങുമ്പോൾ ഓർക്കാനും ഓരിമിപ്പിക്കാനും ഒരുപാടൊരുപാട്.

പല ക്ലാസുകളിൽ നിന്നും സ്ഥാങ്ങളിൽ നിന്നും വന്ന് ഒരൊറ്റ വീട്ടുരെപ്പോലെ കഴിഞ്ഞ നമ്മൾ ഓരോരുത്തരും ഇനി പുതിയ മേച്ചിൽ പുറങ്ങൾ തേടി ഒറ്റയ്ക്ക് അലയാൻ സമയമായി. ഓർക്കുമ്പോൾ എന്തോ ഒരു നിസ്സഹായാവസ്ഥ.കൂട്ടു കൂടിയും കൂട്ടുകാരോടൊത്തും നടന്നിരുന്ന ആ നല്ല നാളുകൾ ഓർമ്മകളാവുമ്പോൾ അറിയാതെ മനസ്സ് മന്ത്രിക്കുകയാണ്, തിരികെ വരുമോ ആ സുന്ദര കാലം? എല്ലാം വെറുതെയാണെന്നറിയാം എങ്കിലും ചെറിയ പിണക്കങ്ങളും വലിയ ഇണക്കങ്ങളും നിഴലിച്ച ക്ലാസ് മുറികളും കളിചിരി കോലാഹലങ്ങളുയരുന്ന വരാന്തകളും പ്ലാവിൻ ചുവട്ടിലെ സൗഹൃദ കൂട്ടങ്ങളും , ഇനി എല്ലാം വെറും ഓർമ്മകൾ മാത്രം.

മൂന്ന് വർഷങ്ങൾ മൂന്ന് ദിവസങ്ങൾ പോലെ കടന്നു പോയി ക്ലാസ് മുറികൾ പുതിയ കൂട്ടുകാരെ

തേടുന്നു. ഒരു പക്ഷേ....

അവയ്ക്കറിയില്ലായിരിക്കാം തനിക്കും........

# HOPE LESS

Life is miserable where over i go
Unbelievable people no chance to dream
Being alone
Being lonely
Was my mark
Together they all changed my way
Through advices that any one can give
Dreams are shattered
Hopes are faded
Now,
For their benefit
They made until
Now iam alone
Too lonely
Without any hope
Without no dreams
Shattered lie....

shada
10 C